YEARS OF
CELEBRATING
THE MAHATMA

# കേരള സർവകലാശാല

നം.പി.ആർ.49/2019

ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### പരീക്ഷഫലം

ആഗസ്റ്റിൽ നടത്തിയ എഴാം സെമസ്റ്റർ ബി.ടെക് സപ്ലിമെന്ററി പരീക്ഷ (2013 സ്കീം) മെക്കാനിക്കൽ എൻജിനീയറിംഗ്, പ്രൊഡക്ഷൻ എൻജിനീയറിംഗ് എയറോനോട്ടിക്കൽ എൻജിനീയറിംഗ്, ഓട്ടോമൊബൈൽ എൻജിനീയറിംഗ്, ഇൻഡസ്ട്രിയൽ എൻജിനീയറിംഗ് ഒഴികെയുള്ള ബ്രാഞ്ചുകളുടെ പരീക്ഷഫലം മാർച്ച് 6 ന് പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി മാർച്ച് 25 ന്. കരട് മാർക്ക് ലിസ്റ്റ് വെബ്സൈറ്റിൽ.

2018 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ നടന്ന ഒന്നും, രണ്ടും സെമസ്റ്റർ ബി.ബി.എ (വിദൂര വിദ്യാഭ്യാസം) സപ്ലിമെന്ററി പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. വിശദമായ പരീക്ഷഫലം വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ.

### പരീക്ഷാ തീയതി

അഞ്ചാം സെമസ്റ്റർ ബി.ടെക് സപ്ലിമെന്ററി (2013 സ്കീം) പരീക്ഷയുടെ മാർച്ച് 8 ന് നടത്താനിരുന്ന സിൻക്രണസ് മെഷീൻസ് ( ഇലക്ട്രിക്കൽ & ഇലക്ട്രോണിക്ക്സ് എൻജിനീയറിംഗ്) പരീക്ഷയും മാർച്ച് 11 ൽ നടത്താനിരുന്ന ഓപ്പറേറ്റിംഗ് സിസ്റ്റംസ്

( കംപ്യൂട്ടർ സയൻസ് എൻജിനീയറിംഗ് & ഇൻഫർമേഷൻ ടെക്നോളജി) പരീക്ഷയും ഏപ്രിൽ 10 ന് നടത്തുന്നതാണ്.

മാർച്ച് 29 ആരംഭിക്കുന്ന ഒന്നും,രണ്ടും വർഷ ബി.കോം ഡിഗ്രി (ആന്വൽ സ്കീം) ( എസ്.ഡി. ഇ. & പ്രൈവറ്റ്) പാർട്ട് ഒന്ന്, രണ്ട്, സപ്ലിമെന്ററി പരീക്ഷകൾക്ക് ( സെപ്റ്റംബർ 2018 സെഷൻ) മാർച്ച് 16 വരേയും, 50 രൂപ പിഴയോടെ 19 വരെയും, 125 രൂപ പിഴയോടെ 21 വരെയും ഓൺലൈനായി മാർച്ച് 7 മുതൽ അപേക്ഷിക്കാവുന്നതാണ്. മറ്റുള്ളവർ നേരിട്ടും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

മാർച്ച് 13 മുതൽ നടത്തുന്ന മൂന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയുടെ (ബി.എച്ച്.എം) (2014,2011 സ്കീം) ടൈംടേബിൾ വെബ്സൈറ്റിൽ.

## സൂക്ഷ്മ പരിശോധന

2018 ജൂലൈ മാസം നടത്തിയ എൽ.എൽ.ബി. ഇന്റഗ്രേറ്റഡ്- ബി.എ/ബി.കോം/ബി.ബി.എ അഞ്ചാം സെമസ്റ്റർ (2011 സ്കീം & 2013 സ്കീം) പരീക്ഷയുടെയും 2018 ഓഗസ്റ്റ് മാസം നടത്തിയ ബി.ടെക്. (പാർട്ട് ടൈം – റീ സ്ട്രക്ചെർഡ്) രണ്ടാം സെമസ്റ്റർ (2008 സ്കീം) പരീക്ഷയുടെയും 2018 ജൂൺ മാസം നടത്തിയ ബി.ആർക്ക് ഒൻപതാം സെമസ്റ്റർ (2008 സ്കീം) പരീക്ഷയുടെയും സൂക്ഷ്മ പരിശോധനയ്ക്ക് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുളള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി ബി.ടെക് റീവാല്യുവേഷൻ സെക്ഷനിൽ മാർച്ച് 8 മുതൽ 16 വരെയുളള പ്രവൃത്തി ദിവസങ്ങളിൽ ഹാജരാകേണ്ടതാണ്.

## സമ്പർക്ക ക്ലാസുകൾ

വിദൂര വിദ്യാഭ്യസ വിഭാഗത്തിലെ 3-ാം സെമസ്റ്റർ ബി.കോം (ഫിനാൻസ്, കോ-ഓപ്പറേഷൻ, കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്) ഡിഗ്രി കോഴ്സുകളുടെ (2017 – 2020 ബാച്ച്) മാർച്ച് 3 ന് ആരംഭിക്കുന്ന സമ്പർക്ക ക്ലാസുകൾ ഏപ്രിൽ 13 വരെ ശനി, ഞായർ ദിവസങ്ങളിൽ കര്യവട്ടം ക്യാമ്പസ് (തിരുവനന്തപുരം) ബി.എഡ്.കോളേജ് (കൊല്ലം) എന്നീ കേന്ദ്രങ്ങളിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് **ideuku.net** സന്ദർശിക്കുക.

## സർട്ടിഫിക്കറ്റ് കോഴ്സ്

സെന്റർ ഫോർ അഗ്രോ ഇക്കോളജി ആന്റ് പബ്ലിക് ഹെൽത്തും യൂറോപ്യൻ യൂണിയനും സംയുക്തമായി സംഘടിപ്പിക്കുന്ന 28 ദിവസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് 'അഗ്രോ ഇക്കോളജി ആന്റ് ആക്ഷൻ റിസർച്ച്' ലേയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. ഫോൺ: 9495513584

## ഇന്റേണൽ മാർക്ക്

ബി.ആർക്ക് ഡിഗ്രി കോഴ്സ് (2008 സ്കീം) അഡ്മിഷൻ നേടി ആറു വർഷം പൂർത്തിയാക്കിയ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് ഇന്റേണൽ മാർക്ക്

മെച്ചപ്പെടുത്തുന്നതിന് അവസരം ലഭിക്കുന്നു. പഠിച്ച കോളേജിലെ പ്രിൻസിപ്പൾ റഗുലർ ഫാക്കൽറ്റിയെ ഇതിനായി വിനിയോഗിച്ച് കോഴ്സിന്റെ ആവശ്യകത അനുസരിച്ച് ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്താവുന്നതാണ്. ഒരു സെമസ്റ്ററിനു ഒരു പ്രാവശ്യം മാത്രമേ അപേക്ഷ നൽകാൻ കഴിയുള്ളു. അപേക്ഷയോടൊപ്പം 700 രൂപ ഫീസ് ഓരോ സെമസ്റ്ററിലും അടയ്ക്കേണ്ടതാണ്. അപേക്ഷിക്കാനുള്ള അവസാന തീയതി മാർച്ച് 26 ആണ്. വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം.

07-03-2019

പബ്ലിക് റിലേഷൻസ് ഓഫീസർ